ബി.എസ്.സി. (ഫോറസ്ട്രി) ബിരുദമോ തത്തുല്യയോഗ്യതയോ ഉള്ള വരെ പി.എസ്.സി.വഴി തെരഞ്ഞെടുത്ത് ഒരു വർഷത്തെ പ്രായോഗിക പരിശീലനം കഴിഞ്ഞ് നിയമിക്കുന്നു.

(2) ഫോറസ്റ്റ് അപ്രന്റീസ്

ഏതെങ്കിലും സയൻസ് വിഷയത്തിന് ബിരുദം ഉള്ളവരെ രണ്ട് വർഷത്തെ റേഞ്ചർ കോഴ്സിലേയ്ക്ക് പി.എസ്.സി. വഴി തെരഞ്ഞെടുക്കുന്നു. റേഞ്ചർ ട്രെയിനിംഗ് പൂർത്തിയാക്കി വരുന്നവരെ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിനുശേഷം റേഞ്ചറായി നിയമിക്കുന്നു.

(3) ഡെപ്യൂട്ടി റേഞ്ചർ/ഫോറസ്റ്റർമാരിൽ നിന്നുള്ള നിയമനം

ഫോറസ്റ്റർ/ഡെപ്യൂട്ടി റേഞ്ചർമാരിൽനിന്നും രണ്ടു വർഷത്തെ റേഞ്ചർ കോഴ്സിലേയ്ക്ക് പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു. റേഞ്ചർ കോഴ്സ് പൂർത്തിയാക്കി വരുന്നവരെ റേഞ്ചർമാരായി നിയമിക്കുന്നു.

(4) ഡെപ്യൂട്ടി റേഞ്ചർമാരിൽ നിന്നും ഉദ്യോഗക്കയറ്റം വഴിയുള്ള നിയമനം

ഡെപ്യൂട്ടി റേഞ്ചർമാരെ സർവ്വീസ് സീനിയോറിറ്റി അനുസരിച്ച് റേഞ്ചറായി നിയമിക്കുന്നു.

(ബി) അർഹതപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് നിയമാനുസൃതം ഉദ്യോഗകയറ്റം നൽകാൻ ശ്രീ. പി. മുരളീധരൻ നായർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഫയൽ ചെയ്ത 421/98-ാം നമ്പർ റിവ്യൂ പെറ്റീഷനിൽ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് പ്രൊമോഷൻ നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ഇപ്പോൾ ഡെപ്യൂട്ടി കൺസർവേറ്റർമാരുടെ 14 ഒഴിവുകൾ നിലവിലുണ്ട്.

51 (2611) കോന്നിയിൽ കൊക്കാത്തോട് ഫോറസ്റ്റ് റോഡ്

ശ്രീ. അടൂർ പ്രകാശ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നിയിൽ നിന്നും കുമ്മണ്ണൂർ വഴി കൊക്കാത്തോട് പോകുന്ന ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കാനായി 1999-2000 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തു തുക; തുക വകയിരുത്തിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഈ റോഡ് പൂർണ്ണമായി വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുവാൻ കേന്ദ്രവനം മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണോ;

(സി) ആണെങ്കിൽ അനുമതിക്കായി കേന്ദ്രഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കാനും പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ റോഡിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. റോഡ് നിർമ്മാണത്തിന്/വികസനത്തിന് ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് മുൻഗണനാക്രമത്തിൽ റോഡ് വികസന പണികൾ ഏറ്റെടുത്ത് നടത്തുകയാണ് ചെയ്യുന്നത്.

(ബി) നിലവിലുള്ള റോഡ് മരങ്ങൾ മുറിക്കാതെ ഗതാഗതയോഗ്യമാക്കുന്നതിന് കേന്ദ്രമന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

52 (2612) വനംവകുപ്പും ദേവസ്വം ബോർഡും തമ്മിലുള്ള ഉടമസ്ഥതർക്കം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനങ്ങാടി പഞ്ചായത്തിലെ തപ്പാട് എന്ന സ്ഥലത്തുള്ള ഭൂമിയിൽ വനംവകുപ്പും ദേവസ്വവും തമ്മിലുള്ള ഉടമസ്ഥ തർക്കം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എത്രയും പെട്ടെന്ന് ഉടമസ്ഥ തർക്കം പരിഹരിച്ച് പ്രസ്തുത ഭൂമി വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പുറക്കാടി ദേവസ്വം മാനേജർ, പുറക്കാടി വില്ലേജിൽ റീ-സർവ്വേ 117/14, 1 എ-യിൽ 195 ഏക്കർ സ്ഥലത്തിൽ അവകാശവാദം ഉന്നയിച്ച് കോഴിക്കോട് ഫോറസ്റ്റ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.പി.കേസ്സ് 30.9.1985-ലെ വിധിപ്രകാരം ഭാഗീകമായി അനുവദിച്ചിരുന്നു. ഈ കേസ്സിലെ വിധിക്കെതിരായി ദേവസ്വവും കേരള സർക്കാരും യഥാക്രമം 319/86, 332/86 എന്നീ നമ്പരുകളിൽ കേരള ഹൈക്കോടതിയിൽ എം.എഫ്.എ. കേസ്സ് ഫയൽ ചെയ്യുകയും, ടി കേസ്സുകളിൽ 12.7.95 ന് വിധി പ്രഖ്യാപിക്കുകയും ഉണ്ടായിട്ടുണ്ട്. പ്രസ്തുത വിധിപ്രകാരം സർക്കാർ ഫയൽ ചെയ്ത കേസ്സ് അനുവദിക്കുകയും ദേവസ്വം ബോർഡ് ഫയൽ ചെയ്ത കേസ്സ് തള്ളിക്കളയുകയുമുണ്ടായി. ഈ വിധിക്കെതിരായി കേരള ഹൈക്കോടതിയിൽ ദേവസ്വം റിവ്യൂ പെറ്റീഷൻ നമ്പർ 348/97 ഫയൽ ചെയ്തിരിക്കുകയാണ്. അത് തീർപ്പായിട്ടില്ല.

(ബി) ദേവസ്വം ഫയൽ ചെയ്ത റിവ്യൂ പെറ്റിഷൻ തീർപ്പായിട്ടില്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാവുന്നതല്ല.

53 (2613) മാനിനെ വെടിവച്ച സംഭവം

ശ്രീ. പി. രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മുച്ചിയാർ റിസർവ്വ് വനത്തിൽനിന്നും മാനിനെ വെടിവച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly